## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.7114 — 11.07.2014-ൽ മറുപടിയ്ക്ക്

## സുനാമി പുനരധിവാസ ഫണ്ട് വകമാറ്റം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ,<br>ശ്രീ.തോമസ് ചാണ്ടി. | | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും-കയറും വകുപ്പ് മന്ത്രി |
| (എ) സുനാമി പുനരധിവാസ ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെ ശ്രീ.സ്റ്റീഫൻ സമർപ്പിച്ച കേസ്സിലെ (ഒ.പി. നമ്പർ.19819/2010) വിധി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) യും (ബി) യും | ശ്രീ.സ്റ്റീഫൻ സമർപ്പിച്ച (WP(C)No.19819/10) നമ്പർ കേസ്സിലെ ബഹു.ഹൈക്കോടതിയുടെ വിധിയിന്മേൽ റിവ്യൂ ഹർജി സമർപ്പിക്കുന്നതിനായി നിയമ വകുപ്പിനോടും അഡ്വക്കേറ്റ് ജനറലിനോടും അഭിപ്രായം തേടുകയും ആയത് സമർപ്പിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം റിവ്യൂ അപേക്ഷ നൽകേണ്ട എന്ന തീരുമാനമെടുത്തിട്ടുള്ള സ്ഥിതിക്ക്, 2007-ൽ പ്രസ്തുത പദ്ധതിയ്ക്ക് ലഭ്യമാക്കിയ എസ്റ്റിമേറ്റ് കാലഹരണപ്പെട്ടതിനാൽ 2014-ലെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കി DRDA-യുടെ റോഡു പണികൾ പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) 28.03.2012-ലെ കോടതി വിധി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി വിധി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | | |
| (സി) കോടതിവിധിയിൽ പറഞ്ഞ പ്രകാരം വകമാറ്റി ചെലവഴിച്ച തുക തിരികെ സുനാമിബാധിത പ്രദേശങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (സി) | സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് കേന്ദ്ര ഫണ്ടിന്റെ തുകയ്ക്കുള്ളിൽ (1441.75 കോടി) Re-appropriation അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(ഡി)** | **കോടതിവിധി പ്രകാരം സി.എ.ജി.യുടെ അന്വേഷണത്തിന് ഇതുവരെ എന്തുനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;** | **(ഡി)** | സി.എ.ജി.യുടെ അന്വേഷണം സംബന്ധിച്ച് മറുപടി സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. |
| **(ഇ)** | **സുനാമി പുനരധിവാസ ഫണ്ട് വകമാറ്റി ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ഏതെല്ലാം പ്രദേശങ്ങളിൽ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?** | **(ഇ)** | ബാധകമല്ല. |

സെക്ഷൻ ഓഫീസർ